# 'സർവീസ്' ശതാബ്ദിയുടെ നിറവിൽ

നായർ സർവീസ് സൊസൈറ്റിയുടെ മുഖപത്രമായ 'സർവീസ്' പ്രസിദ്ധീകരണം ആരംഭിച്ചിട്ട് ഈ വിജയദശമിദിനത്തിൽ നൂറുവർഷം പൂർത്തിയാക്കുകയാണ്. പ്രഥമലക്കം മാസികയായി പുറത്തിറങ്ങിയത് കൊല്ലവർഷം 1095 കന്നി മാസത്തിലെ വിജയദശമി ദിനത്തിലായിരുന്നു. ആലപ്പുഴ കേരളസന്താനം പ്രസ്സിൽ അച്ചടിച്ച് കറുകച്ചാലിൽ നിന്നായിരുന്നു ആദ്യത്തെ മൂന്നു ലക്കങ്ങളുടെ പ്രസിദ്ധീകരണം. നാലാം ലക്കം മുതൽ തിരുവനന്തപുരത്തു നിന്നാണ് പ്രസിദ്ധീകരിച്ചത്. കമലാലയ പ്രസ്സിലായിരുന്നു അച്ചടി. കെ. കണ്ണൻനായർ, കൊണ്ടൂർ കൃഷ്ണപിള്ള, പള്ളിപ്പുറം നാരായണപിള്ള, എം.എൻ. നായർ തുടങ്ങിയവർ ആദ്യകാല പത്രാധിപന്മാരായി സേവനം അനുഷ്ഠിച്ചു.

കൊല്ലവർഷം 1103 ചിങ്ങം 16 മുതൽ ചങ്ങനാശ്ശേരിയിൽ നിന്ന് സൊസൈറ്റി വക പ്രസ്സിൽ അച്ചടിച്ച് എൻ.കെ. കൃഷ്ണപിള്ളയുടെ പത്രാധിപത്യത്തിൽ ത്രൈവാരികയായി പ്രസിദ്ധീകരണം ആരംഭിച്ചു. നഷ്ടത്തിലാണ് നടന്നതെന്ന കാരണത്താൽ 1939-ൽ പ്രസിദ്ധീകരണം അവസാനിപ്പിച്ചു. വീണ്ടും 1944 ൽ മാസികയായി പുനഃപ്രസിദ്ധീകരിച്ചു.

1947 ഡിസംബർ 14 ന് എം.പി. മന്മഥന്റെ പത്രാധിപത്യത്തിൽ 'ഗ്രാമസ്വരാജ്' എന്ന പേരിൽ വാരികയായി പ്രസിദ്ധീകരിച്ചു. 1952 ൽ പിന്നെയും പ്രസിദ്ധീകരണം മുടങ്ങി.

വീണ്ടും 1972 ലെ റിപ്പബ്ലിക് ദിനത്തിൽ ജനറൽ സെക്രട്ടറി കിടങ്ങൂർ ഗോപാലകൃഷ്ണപിള്ളയുടെ പത്രാധിപത്യത്തിൽ വാരികയായി പ്രസിദ്ധീകരിച്ചു തുടങ്ങി. അതിനുശേഷം ഇന്നു വരെയും പ്രസിദ്ധീകരണം മുടങ്ങിയിട്ടില്ല. എന്നാൽ, രൂപഭാവങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്താൻ കഴിഞ്ഞിട്ടുണ്ട്. ഏതാനും ഷീറ്റുകളിലായി അച്ചടിച്ചു പ്രസിദ്ധീകരിച്ചു കൊണ്ടിരുന്ന സർവീസ് വാരിക 1999 ജൂൺ 15 മുതൽ മനോഹരമായ പുറംചട്ടയണിഞ്ഞ ദ്വൈവാരികയായി പുറത്തിറങ്ങി. അന്നു മുതൽ ദീർഘകാലം ദ്വൈവാരികയുടെ ചീഫ് എഡിറ്റർ ജനറൽ സെക്രട്ടറി പി.കെ. നാരായണപ്പണിക്കരും ഓണററി എഡിറ്റർ പ്രൊഫ. ഹരീന്ദ്രനാഥക്കുറുപ്പും ആയിരുന്നു. 2011 മുതൽ ജനറൽ സെക്രട്ടറി ജി. സുകുമാരൻ നായരാണ് ചീഫ് എഡിറ്റർ. പ്രൊഫ. എസ്. നാരായണൻനായർ എഡിറ്ററായി പ്രവർത്തിക്കുന്നു.

ആദ്യകാലത്തും ഇക്കാലത്തും പ്രമുഖരായ എഴുത്തുകാരുടെ രചനകളാൽ സമ്പുഷ്ടമാണ് 'സർവീസ്'. ഇപ്പോൾ നായർ സർവീസ് സൊസൈറ്റിയുടെ മുഖപത്രമെന്ന നിലയിൽ 'സർവീസ്'പരക്കെ ശ്രദ്ധിക്കപ്പെടുന്നുണ്ട്. സർവീസിന്റെ മുഖപ്രസംഗം പത്രമാദ്ധ്യമങ്ങളുടെയും സമൂഹത്തിന്റെയാകെയും ശ്രദ്ധ പിടിച്ചുപറ്റുന്നു. സമുദായാംഗങ്ങളെ ഒരേ രീതിയിൽ ചിന്തിപ്പിച്ച് സമുദായത്തിന്റെ ഉൽക്കർഷത്തിനു വേണ്ടി ഒരുമിച്ചുനിന്നു പ്രവർത്തിക്കാൻ സർവീസ് ഉപകരിക്കുന്നുണ്ട്.

സമുദായോന്നതിക്കായി ഒരു മനസ്സോടെ ചിന്തിച്ച് പ്രവർത്തിക്കാനുള്ള സന്ദേശമാണ് സർവീസിന്റെ ഓരോ ലക്കവും നല്കിക്കൊണ്ടിരിക്കുന്നത്. എൻ.എസ്.എസ്. രൂപീകരിച്ച് അഞ്ചുകൊല്ലം കഴിഞ്ഞപ്പോൾ സംഘടനയ്ക്ക് സ്വന്തമായി ഒരു പ്രസിദ്ധീകരണം ആവശ്യമാണെന്ന് ദീർഘദർശിയായ സമുദായാചാര്യന് ബോധ്യമായി. ആചാര്യൻ അന്നു മനസ്സിലാക്കിയ വസ്തുത ഇന്നും പ്രസക്തമാണ്. ഒരു നായർഭവനത്തിൽ ഒരു സർവീസ് എന്നത് സമുദായാചാര്യന്റെ ആഗ്രഹമായിരുന്നു. സർവീസിന്റെ ശതാബ്ദിവർഷത്തിൽ ആ ലക്ഷ്യം പൂർത്തിയാക്കാനുള്ള ശ്രമം തുടർന്നുവരുന്നു. നായർ സർവീസ് സൊസൈറ്റിയുമായി ബന്ധപ്പെട്ട എല്ലാവരുടെയും സഹകരണമാണ് ഇതിന് വേണ്ടത്.

രാഷ്ട്രീയ-സാമൂഹിക-സംസ്കാരികപ്രശ്നങ്ങളെപ്പറ്റിയുള്ള സർവീസ് സൊസൈറ്റിയുടെ ഔദ്യോഗികഅഭിപ്രായങ്ങൾ സൊസൈറ്റിയുടെ ബന്ധുക്കളെയും ഭരണകർത്താക്കളെയും അറിയിക്കുക, അതിന്മേലുള്ള പ്രതികരണങ്ങൾ സൊസൈറ്റിക്ക് മനസ്സിലാക്കാനുള്ള അവസരം ഉണ്ടാക്കുക എന്നിങ്ങനെ സംഘടനയുടെ ജിഹ്വയായി പ്രവർത്തിക്കുന്ന മാധ്യമം എന്ന നിലയ്ക്കാണ് 'സർവീസ്' വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നത്. ഒരു ദ്വൈവാരിക എന്ന നിലയിൽ മറ്റു പ്രസിദ്ധീകരണങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ 'സർവീസ്' എല്ലാതരത്തിലും മുൻപന്തിയിലാണ് എന്നത് അഭിമാനത്തിന് വകനല്കുന്നു.